പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2850**

02/04/2013 ൽ മറുപടിയ്ക്ക്

## വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) **സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;** | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം പ്രധാനമായും രണ്ട് പദ്ധതികൾ മുഖേന നടപ്പാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (NLRMP) പ്രകാരം റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി വരുന്നു. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്നതും റീസർവ്വേ കഴിഞ്ഞതുമായ 17 വില്ലേജ് ഓഫീസുകളിൽ ഈ പദ്ധതി ഇപ്പോൾ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയായ 573 വില്ലേജുകളിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേർണൻസ് പ്ലാൻ (NeGP) പദ്ധതിയിൻകീഴിൽ കേരള സ്റ്റേറ്റ് ഐ. റ്റി. മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി, വില്ലേജുകളിൽ നിന്നും നൽകി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളുടെ വിതരണം കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പാക്കിക്കഴിഞ്ഞു. |
| (ബി) **മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് ആദ്യഘട്ടത്തിൽ കമ്പ്യൂട്ടർവൽക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?** | (ബി) ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ നൽകുകയും വില്ലേജ് ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ (VPN Connection) ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ